**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1125** **02-02-2026 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള വിതരണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പലവിധ കാരണങ്ങളാൽ ഭാഗികമായോ, പൂർണ്ണമായോ പ്രവർത്തനക്ഷമമല്ലാത്ത സാമൂഹ്യ കുടിവെള്ള വിതരണ പദ്ധതികൾ പുനരുദ്ധരിച്ച് പ്രവർത്തിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കാമോ; | (എ) | സാങ്കേതിക തകരാറുകൾ മൂലം പ്രവർത്തനം നിലച്ച ചെറുകിട പദ്ധതികൾ 'ഓപ്പറേഷൻ ആൻഡ് മെയ്ന്റനൻസ് (O&M) ഫണ്ട് ഉപയോഗിച്ച് നവീകരിക്കാറുണ്ട്. ജൽജീവൻ മിഷൻ (JJM) പദ്ധതിയുടെ ഭാഗമായി നിലവിലുള്ള ചെറിയ കുടിവെള്ള പദ്ധതികളെ വലിയ ശൃംഖലകളുമായി ബന്ധിപ്പിച്ച് കൂടുതൽ കാര്യക്ഷമമാക്കുന്നുണ്ട്. |
| (ബി) | വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമാകുന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | വേനൽക്കാലത്ത് കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി വിവിധ നടപടികൾ നടപ്പിലാക്കി വരുന്നു. റണ്ണിങ് കോൺട്രാക്ടർ, ബ്ലൂ ബ്രിഗേഡ് സംവിധാനത്തെ ഉപയോഗപ്പെടുത്തി ലീക്കുകൾ അടിയന്തിരമായി പരിഹരിച്ച് ജലനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു . ജലസ്രോതസ്സുകളിലെ ജല ലഭ്യത നിരീക്ഷിച്ച് അതനുസരിച്ച് പമ്പിംഗ് ക്രമീകരിക്കുകയും ചെയ്യുന്നു. കൂടാതെ കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നു.<br><br>ജല ശുദ്ധീകരണശാലയുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്. കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിന് കിണറുകളും ഗ്യാലറികളും വൃത്തിയാക്കുകയും ലീഡിങ് ചാനലുകളായ പൈപ്പുകളിലും ഗ്യാലറികളിലും അടിഞ്ഞ് കൂടുന്ന ചെളി നീക്കം ചെയ്ത് കിണറിനടുത്തേക്ക് ചാലുകൾ കീറിയും താൽക്കാലിക തടയണകൾ സ്ഥാപിച്ച് ലഭിക്കാവുന്ന ജലം കിണറുകളിൽ ഉറപ്പാക്കുകയും ചെയ്യുന്നു. ലഭ്യമായ എല്ലാ ഫണ്ടുകളും ഉപയോഗിച്ച് പഴയതും നിരന്തരം പൊട്ടുന്നതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകി നടപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | ഇതിനോടൊപ്പം, ഇറിഗേഷൻ വകുപ്പ്, KSEBL എന്നിവയുമായി സംയുക്തമായി പ്രവർത്തിച്ച് ഡാമുകളിൽ ജലം സംഭരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുഴകളിൽ താൽക്കാലിക ബണ്ട് നിർമ്മിക്കുകയും, ടാങ്കർ ലോറി ഉപയോഗിച്ച് കുടിവെള്ള വിതരണം നടത്തുകയും ചെയ്യുന്നു. ഉയർന്ന ജല ദൗർലഭ്യമുള്ള പ്രദേശങ്ങളിലേക്ക് പമ്പിംഗ് സമയം വർദ്ധിപ്പിച്ചും സാധ്യമായ സ്ഥലങ്ങളിൽ പ്രത്യേക ബൂസ്റ്റർ പമ്പുകൾ ഉപയോഗിച്ചും, വാൽവുകളുടെ ക്രമീകരണം നടത്തി ജല വിതരണം മെച്ചപ്പെടുത്തിയും നടപടികൾ സ്വീകരിച്ചിരിക്കുന്നു.<br><br>വേനൽ രൂക്ഷമാകുന്ന പക്ഷം 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂം സജ്ജീകരിച്ച്, ജലദൗർലഭ്യവുമായി ബന്ധപ്പെട്ട പരാതികൾക്ക് തൽസമയ പരിഹാരം നൽകുന്നതിനുള്ള സംവിധാനം ഒരുക്കുന്നത് പരിഗണയിലാണ്. സാധ്യമായ ഇടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ടാങ്കർ ലോറി സംവിധാനവും ഏർപ്പെടുത്തുന്നുണ്ട്. കൂടാതെ, ജലമോഷണവും ദുരുപയോഗവും തടയാൻ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുകയും പൊതുജനങ്ങൾക്ക് ജല ഉപഭോഗത്തിൽ കരുതലും ജാഗ്രതയും പാലിക്കേണ്ടതിന്റെ നിർദേശങ്ങൾ നൽകുകയും ചെയ്യുന്നത് പരിഗണനയിലാണ്. |
| (സി) | പൈപ്പുകൾ പൊട്ടുന്നത് മൂലമുണ്ടാകുന്ന ജലനഷ്ടം ഒഴിവാക്കുന്നതിനും കുടിവെള്ളം പാഴാകുന്നത് തടയുന്നതിനുമായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (സി) | ലീക്കുകളും കുടിവെള്ളം പാഴാകുന്ന മറ്റ് സാഹചര്യങ്ങളും യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടുന്നതിനായി 24*7 പ്രവർത്തിക്കുന്ന പരാതി പരിഹാര സംവിധാനമായ 1916 കാൾ സെന്റർ കേന്ദ്ര കാര്യാലയത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ലീക്കുകൾ കണ്ടെത്തുന്നതിനായി ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. കൃത്യ സമയത്തുള്ള അറ്റകുറ്റപ്പണികൾ ഉറപ്പാക്കുന്നതിനായി വാർഷിക അറ്റകുറ്റപണികളുടെ കരാറുകളും, ബ്ലൂ ബ്രിഗേഡ് സംവിധാനവും നിലവിലുണ്ട്. കാലപ്പഴക്കം വന്ന വിതരണ ടാങ്കുകളുടെ നവീകരണ പ്രവൃത്തികൾ യഥാസമയം നടത്തി അത്തരത്തിൽ കുടിവെള്ളം പാഴാകുന്നത് തടയുന്നുണ്ട്<br><br>ജല ജീവൻ മിഷൻ, അമൃത്, സ്റ്റേറ്റ് പ്ലാൻ മുതലായ വിവിധങ്ങളായ പദ്ധതികളിലുൾപ്പെടുത്തി ഫണ്ട് ലഭ്യതക്കനുസരിച്ച് കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ റോഡ് നവീകരണ പ്രവൃത്തികളുടെ ഭാഗമായി കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകളും, ഇൻറർകണക്ഷനുകളും മാറ്റി കുടിവെള്ള ജലവിതരണ |

| | | | |
|---|---|---|---|
| | | | ശൃംഖല ശക്തിപ്പെടുത്തുന്ന പ്രവൃത്തികളും നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ